(ബി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് വകപ്പുമേധാവികൾക്കും നിയമന ശിപാർശ നൽകുന്നതിന് പി.എസ്.സി.-ക്കും വീഴ്ച സംഭവിച്ചതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായ ഹെഡ് ക്വാർട്ടർ ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) എൽ.ഡി.സി.-യിൽ 14-ഉം, എൽ.ജി.എസ്.-ൽ 3-ഉം ഒഴിവുകൾ പുതിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള നിയമന ശിപാർശ നടപടികൾ പുരോഗമിക്കുന്നു.

കൊയിലാണ്ടി മണ്ഡലത്തിലെ വികസന പദ്ധതികൾ

14 (1836) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മുഖ്യമന്ത്രിയുടെ കീഴിലുള്ള വിവിധ വകുപ്പുകൾ മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഓരോ പദ്ധതിയ്ക്കും അനുവദിച്ച തുകയും പദ്ധതിയുടെ പുരോഗതിയും വകുപ്പ് തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

രണ്ടാംഘട്ട ജനസമ്പർക്ക പരിപാടി

15 (1837) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എത്ര പരാതികൾ ലഭിക്കുകയുണ്ടായി ; ആയതിൽ എത്രയെണ്ണം തീർപ്പാക്കി ; എത്ര പരാതികൾ തീർപ്പാക്കാൻ അവശേഷിക്കുന്നു ; ആയതിൽ എത്ര പേർക്ക് എത്ര തുകയുടെ ധനസഹായം അനുവദിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഒന്നാം ഘട്ട ജനസമ്പർക്ക പരിപാടിക്ക് ലഭിച്ച എത്ര അപേക്ഷകൾ ഇനിയും തീർപ്പാക്കാനുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിക്കായി പരസ്യയിനത്തിൽ ഖജനാവിൽനിന്നും പത്ര-ദൃശ്യമാധ്യമങ്ങൾക്ക് ചെലവഴിച്ചതുക ജില്ലതിരിച്ച് ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പരിപാടിയ്ക്കായി പന്തൽ, ഭക്ഷണം, മറ്റുള്ളവ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പരിപാടിയെ സംബന്ധിച്ച് 'ടൈംസ് ഓഫ് ഇന്ത്യ' ഉൾപ്പെടെയുള്ള പത്ര-ദൃശ്യമാധ്യമങ്ങൾക്ക് പരസ്യയിനത്തിൽ എത്രതുക ഖജനാവിൽ നിന്നും നൽകി ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) പ്രസ്തുത പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള കാബിനറ്റ് മന്ത്രിമാർ ഓരോരുത്തരും റ്റി.എ./ഡി.എ. ഇനത്തിൽ എത്രതുക കൈപ്പറ്റി ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 3,21,069 പരാതികൾ ലഭിച്ചു. ആയതിൽ 3,20,272 പരാതികൾ തീർപ്പാക്കി. 797 പരാതികൾ തീർപ്പാക്കാനുണ്ട്. 61,921 പേർക്കായി 71,47,21,259 രൂപ (എഴുപത്തിയൊന്നു കോടി നാല്പത്തിയേഴു ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി അൻപത്തിയൊമ്പത് രൂപ മാത്രം) ധനസഹായം അനുവദിച്ചു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. *

(ബി) 15,064 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം II-ൽ* ചേർത്തിരിക്കുന്നു.

(സി) രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയുടെ പരസ്യയിനത്തിൽ 1,27,73,725 രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) ചെലവായിട്ടുണ്ട്. ജില്ലതിരിച്ച് റിലീസ് ഓഡറുകൾ നൽകിയിട്ടില്ല.

(ഡി) പന്തൽ, ഭക്ഷണം മറ്റുള്ളവ എന്നിവയ്ക്കായി 5,24,21,288 രൂപ (അഞ്ചുകോടി ഇരുപത്തിനാല് ലക്ഷത്തി ഇരുപത്തിയൊന്നായിരത്തി ഇരുന്നൂറ്റി എൺപത്തിയെട്ട് രൂപ) ചെലവഴിച്ചിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം 3* ആയി ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പരസ്യയിനത്തിൽ ടൈംസ് ഓഫ് ഇൻഡ്യ ഉൾപ്പെടെയുള്ളവയ്ക്ക് 1,27,73,725 രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി എഴുപത്തിമൂവായിരത്തി എഴുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ) ചെലവായിട്ടുണ്ട്.

(എഫ്) ജനസമ്പർക്ക പരിപാടിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാർ റ്റി.എ./ഡി.എ. ഇനത്തിൽ പ്രത്യേകം തുക കൈപ്പറ്റിയിട്ടില്ല.

സ്പോർട്സ് ക്വാട്ട നിയമനം

16 (1838) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ സ്പോർട്സ്ക്വാട്ട നിയമനം നിർത്തിവച്ചിരിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിയമനത്തിനാവശ്യമായ നടപടികൾ ത്വരിതപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സ്പോർട്സ്ക്വാട്ട നിയമനം തടസ്സമില്ലാതെ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബ&സി) 2010 മുതൽ 2014 വരെയുള്ള സ്പോർട്സ്ക്വാട്ടാ നിയമനത്തിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമഘട്ടത്തിലാണ്.

പത്തനംതിട്ട ജില്ലയിലെ ജനസമ്പർക്ക പരിപാടി

17 (1839) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ജില്ലകൾ തോറും എത്ര തവണയാണ് ജനസമ്പർക്ക പരിപാടി സംഘടിപ്പിച്ചത് ;

(ബി) പത്തനംതിട്ട ജില്ലയിൽ ഓരോ ജനസമ്പർക്ക പരിപാടിയിലും എത്ര അപേക്ഷ വീതമാണ് ലഭിച്ചിട്ടുള്ളത്; എത്ര അപേക്ഷകളിന്മേൽ ഇനിയും തീരുമാനം എടുക്കാനുണ്ട്; തീരുമാനം വൈകുന്നതിന്റെ കാരണം എന്താണ് ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly